**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3668** **09-10-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പാട് കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പാട് കൃഷി വിപുലപ്പെടുത്തുന്നതിനായി നാളിതുവരെയായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലാണ് കൈപ്പാട് കൃഷി നടക്കുന്നത്. ടി ജില്ലകളിൽ കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ** അനുബന്ധം **ആയി ചേർത്തിരിക്കുന്നു**<br><br>**കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ *മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക്* കൃഷി വകുപ്പിലെ *സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം* (എസ്.എഫ്.എ.സി.)യുടെ കീഴിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത് *ഫാർമർ പ്രൊഡ്യൂസർ കമ്പനി* (എഫ്.പി.സി) യുള്ള ആനുകൂല്യം നൽകി വരുന്നു. കൈപ്പാട് കർഷകരുടെ ഉന്നമനത്തിനായി ഈ സൊസൈറ്റി നെല്ല് പൂർണമായും സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയും നെൽവിത്ത് സംഭരിച്ച് ആവശ്യകത അനുസരിച്ച് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നു.**<br><br>**കൈപ്പാട് കൃഷി വിപുലപ്പെടുത്തുന്നതിനായി കണ്ണൂർ , കോഴിക്കോട് , കാസർഗോഡ് ജില്ലകളിലെ *പരമ്പരാഗത കൈപ്പാട് നെൽകൃഷി മേഖലയും* , കണ്ണൂർ ജില്ലയിലെ പുനരുജ്ജീവിപ്പിച്ച *കാട്ടമ്പള്ളി കൈപ്പാട്* പ്രവർത്തന മേഖലയും ഉൾപ്പെടുത്തി *കൈപ്പാട് ഏരിയ ഡവലപ്പ്മെൻറ് സൊസൈറ്റി*യുടെ കീഴിൽ നാല് പ്രാദേശികതല അഡ്വൈസറി കമ്മിറ്റികൾ (RLAC) രൂപികരിച്ചതിൽ രണ്ടെണ്ണം കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഏഴോം, കണ്ണപുരം, നാറാത്ത്, പട്ടുവം എന്നീ പഞ്ചായത്തുകളിൽ കൈപ്പാട് കൃഷി വികസനത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി 17.04 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതമായി 2.96 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലയിലാണ് കൈപ്പാട് കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിൽ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലും ടി ജില്ലയിൽ പുതുതായ പുനരുജ്ജീവിപ്പിച്ച കാട്ടാമ്പള്ളി കൈപ്പാട് പദ്ധതി പ്രദേശങ്ങളായ മുണ്ടേരി, ചിറക്കൽ, ചേലോറ, പുഴാതി, നാറാത്ത്, കൊളച്ചേരി, എളയാവൂർ, മയ്യിൽ, കുറ്റിയാട്ടൂർ എന്നീ പ്രദേശങ്ങളും, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി, ഉള്ളേരി, മണിയൂർ , ചെറുവണ്ണൂർ, മേപ്പയൂർ പഞ്ചായത്തുകളിലും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, മൊഗ്രാൽ, പുത്തൂർ, ഉദുമ , പള്ളിക്കര, പുല്ലൂർ-പെരിയ, നീലേശ്വരം, ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ, പിലിക്കോട്, വലിയപറമ്പ പ്രദേശങ്ങ ളുമാണ് കൈപ്പാട് കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2024-25 വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ**

**കണ്ണൂർ ജില്ല**

1. കൃഷി വകുപ്പിന്റെ ***നെൽകൃഷി വികസന പദ്ധതിയിലൂടെ*** 2021 -22 വർഷം, 16.13770 ലക്ഷം രൂപ സമഗ്ര കൈപ്പാട് വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

2. 2024-25 വർഷത്തെ ***ജനകീയാസൂത്രണ പദ്ധതിയിൽ*** 11.42 ലക്ഷം രൂപ കൈപ്പാട് കൃഷിക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്നു.

**കോഴിക്കോട് ജില്ല**

1. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതിയുടെ കീഴിൽ ***"പ്രത്യേക നെല്ലിനങ്ങളുടെ കൃഷി"*** എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 13 ഹെക്ടർ കൈപ്പാട് കൃഷിക്ക് ഹെക്ടറിന് 10000/- രൂപ എന്ന കണക്കിൽ ധനസഹായം നൽകി വരുന്നു.
2. തിക്കോടി പഞ്ചായത്തിലെ 27 ഹെക്ടർ കൈപ്പാട് കൃഷിക്കായി ***ജനകീയാസൂത്രണ പദ്ധതിയിൻ*** കീഴിൽ 8.64 ലക്ഷം രൂപയുടെ സംയുക്തപദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു.
3. അത്തോളി പഞ്ചായത്ത് ***ജനകീയാസൂത്രണ പദ്ധതിയിൻ*** കീഴിൽ കൈപ്പാട് കൃഷിക്കായി 0 .35 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

**കാസർകോട് ജില്ല**

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 3.88 ലക്ഷം രൂപയുടെ ***ജനകീയാസൂത്രണ പദ്ധതികൾ*** കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയിരുന്നു.

**സെക്ഷൻ ഓഫീസർ**